I ഇ.ബി. XIV - കേരള നിയമസഭ/XV-3

# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 മേയ് 29, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അറിയിപ്പ്

അംഗത്തിന്റെ രാജി

കോന്നി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. അടൂർ പ്രകാശ് 2019 മേയ് 29-ാം തീയതി പ്രാബല്യത്തിൽ നിയമസഭാ അംഗത്വം രാജിവച്ച വിവരം ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## II പ്രത്യേക പരാമർശം

നിയമസഭാ സെക്രട്ടറിയുടെ വിരമിക്കൽ

<u>മി. സ്പീക്കർ</u>: നിയമസഭാ സെക്രട്ടറി ശ്രീ. വി. കെ. ബാബുപ്രകാശ് ഈ മാസം 31-ാം തീയതി സർവ്വീസിൽ നിന്നും വിരമിക്കുകയാണ്. വിവിധ കോടതികളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹത്തിന്റെ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 'ഭഗത്സിംഗിന്റെ വിചാരണ' എന്ന ഗ്രന്ഥം രചിച്ചിട്ടുള്ള അദ്ദേഹം ഉജ്ജ്വല പ്രഭാഷകൻ കൂടിയാണ്. കൗൾ ആന്റ് ശക്ധർ മാതൃകയിൽ നിയമസഭാ നടപടികളുടെ റഫറൻസ് ഗ്രന്ഥമുൾപ്പെടെ നിയമസഭയും നിയമനിർമ്മാണവുമായി ബന്ധപ്പെട്ട 13 പുസ്തകങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പുറത്തിറക്കാൻ സാധിച്ചിട്ടുണ്ട്. 'അറിവോരം' എന്ന ത്രൈമാസികയുടെയും ജീവനക്കാർക്കായി 'മൊഴി' എന്ന ലിറ്റിൽ മാഗസിന്റെയും പ്രസിദ്ധീകരണം ആരംഭിച്ചത് അദ്ദേഹത്തിന്റെ കാലയളവിലാണ്. നിയമസഭയെ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും ഹരിതപ്രോട്ടോക്കോൾ പാലിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് അദ്ദേഹം വഹിച്ചിട്ടുണ്ട്. സ്തുത്യർഹവും മാതൃകാപരവുമായ അദ്ദേഹത്തിന്റെ സേവനങ്ങൾക്ക് നിയമസഭയുടെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

## III അടിയന്തര പ്രമേയം

ഖാദർ കമ്മീഷൻ റിപ്പോർട്ട്

മി. സ്പീക്കർ: പൊതുവിദ്യാഭ്യാസ മേഖലയുടെ താൽപ്പര്യങ്ങളെ അവഗണിച്ചുകൊണ്ടും ദൂരവ്യാപകമായി ആശയക്കുഴപ്പവും ഭരണസ്തംഭനവും ഉണ്ടാകാൻ ഇടയുള്ള രീതിയിലും വേണ്ടത്ര ചർച്ചയില്ലാതെ തികച്ചും ഏകപക്ഷീയമായും ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എൻ. എ. ഖാദർ, കെ. സി. ജോസഫ്, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പൊതുവിദ്യാഭ്യാസ മേഖലയിൽ ഭരണരംഗത്തും അക്കാദമിക രംഗത്തും കൊണ്ടുവരേണ്ട സമഗ്രമായ മാറ്റങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്കൂളുകളുടെ ഭരണസംവിധാനത്തിൽ വരുത്തേണ്ട മാറ്റങ്ങളാണ്. പല സ്കൂളുകളിലും ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നിവ വെവ്വേറെ യൂണിറ്റുകളായി പ്രവർത്തിക്കുന്നതിന്റെ ഫലമായി അനേകം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ക്യാമ്പസിനെ ഒറ്റ യൂണിറ്റായി കാണുകയെന്നത്

പൊതുവിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് അനിവാര്യമായതിനാൽ സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഖാദർ കമ്മീഷനെ നിയോഗിക്കുകയും കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പതിനാല് മേഖലകളിൽ പരിഷ്കാരത്തിനുള്ള നിർദ്ദേശങ്ങൾ കമ്മീഷൻ മുന്നോട്ടുവച്ചിട്ടുണ്ടെങ്കിലും ആദ്യഘട്ടമെന്ന നിലയിൽ മൂന്ന്, നാല് ഭാഗങ്ങൾ മാത്രമേ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുള്ളൂ. റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപക-അനദ്ധ്യാപക സംഘടനാ പ്രതിനിധികളുമായും തദ്ദേശഭരണ സ്ഥാപന മേധാവികളുമായും മാനേജർമാരുമായും വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായും വിശദമായി ചർച്ച ചെയ്യുകയും ക്രിയാത്മകമായ പല നിർദ്ദേശങ്ങൾ ഉയർന്നുവരികയും ചെയ്തു. മാനേജർമാരും തദ്ദേശഭരണ സ്ഥാപന മേധാവികളും സർക്കാർ നിർദ്ദേശം പൂർണ്ണമായി അംഗീകരിച്ചിട്ടുണ്ട്. ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ രണ്ട് മേഖലകളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് സംഘടന മുമ്പാകെ വച്ചിട്ടുള്ള ആറ് പ്രധാന നിർദ്ദേശങ്ങളിൽ ഏറ്റവും പ്രധാനം എൽ.പി., യു.പി., ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നിവയുടെ തനിമ നിലനിർത്തി തുടരണമെന്നുള്ളതാണ്. ഭരണപരവും അക്കാദമികവുമായ നിലവാരം ഉയർത്തുന്നതിന് ഒരു ഏകീകൃത സംവിധാനമുണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്. വർഷങ്ങളായുണ്ടായിരുന്ന പരാതികൾ പരിഹരിക്കപ്പെടുന്നതിനും

സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയുടെ സഹായം കൂടി ഹയർ സെക്കൻഡറി മേഖലയ്ക്ക് ലഭിക്കുന്നതിനും കാരണമാകുന്നു. ഈ മാറ്റത്തെ എതിർക്കുന്നത് ശരിയായ നിലപാടല്ല.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> വിദ്യാഭ്യാസ രംഗത്തെ തകർക്കുന്ന ശിപാർശകളാണ് ഖാദർ കമ്മീഷൻ റിപ്പോർട്ടിലുള്ളത്. വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുക എന്നതിലുപരി ഭരണപരിഷ്കാരത്തെ സംബന്ധിച്ച കാര്യങ്ങളാണ് റിപ്പോർട്ടിലുൾപ്പെടുത്തിയിട്ടുള്ളത്. കമ്മീഷൻ എത്തിച്ചേർന്ന നിഗമനങ്ങൾക്ക് അടിസ്ഥാനമായ വസ്തുതകളെ സംബന്ധിച്ച് റിപ്പോർട്ടിൽ വിശദീകരണമില്ലാത്തത് ന്യൂനതയാണ്. പൊതുവിദ്യാഭ്യാസരംഗം ഭദ്രമാണെന്ന് അവകാശപ്പെടുന്ന സർക്കാർ എന്തിനാണ് ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കണം. നിലവിലുള്ള ഡയറക്ടറേറ്റുകൾ സംയോജിപ്പിച്ച് ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്ന ഒറ്റ തസ്തിക കൊണ്ടുവരുന്നത് ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി മേഖലകളെ ദോഷകരമായി ബാധിക്കും. ഹയർ സെക്കൻഡറി മേഖലയിൽ പരീക്ഷാ നടത്തിപ്പിന് നിലവിൽ കൃത്യമായ സംവിധാനമുള്ളപ്പോൾ ഒറ്റ ഡയറക്ടറേറ്റിന് കീഴിൽ മാറ്റുന്നത് അനുചിതമാണ്. അദ്ധ്യാപക മേഖലയിലെ പ്രൊമോഷൻ തസ്തികകൾ നിലനിർത്തുന്ന കാര്യത്തിൽ വ്യക്തത വരുത്തണം. വിദ്യാഭ്യാസ രംഗത്തെ

ഗുണനിലവാരം തകർക്കുന്ന ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിൽ നിന്നും സർക്കാർ പിന്മാറണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2019 ജനുവരി 24-ന് സമർപ്പിച്ച ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ 1-ാം ഭാഗം സർക്കാർ തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവർ ഉന്നയിച്ച ആശങ്കകൾ സർക്കാർ പരിശോധിക്കുകയും ലഭിച്ച അഭിപ്രായ/നിർദ്ദേശങ്ങളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി സംഘടനാ പ്രതിനിധികൾക്കുമുന്നിൽ അവതരിപ്പിക്കുകയുമുണ്ടായി. തുടർന്നും അംഗങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വാഗതം ചെയ്യുന്നു. നിലവിലെ സാഹചര്യത്തിൽ പ്രവർത്തിക്കുന്നതുപോലെ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽമാർ അതാത് സ്കൂളുകളിലെ പ്രിൻസിപ്പൽമാരായിത്തന്നെ പ്രവർത്തിക്കുന്നതാണ്. അടുത്ത അധ്യയന വർഷം മുതൽ എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളും എൻ.എസ്.ക്യൂ.എഫ്-ലേയ്ക്ക് മാറുകയും കാലക്രമേണ ഇവ ഹയർ സെക്കൻഡറിയിലേയ്ക്ക് മാറ്റപ്പെടുന്നതുമാണ്. നിലവിൽ ഹൈസ്കൂൾ തലത്തിൽ ഹെഡ്മാസ്റ്ററും ഹയർ സെക്കൻഡറിയിൽ പ്രിൻസിപ്പലുമുള്ളതിനാൽ പ്രിൻസിപ്പൽ എന്നത് ഒരാളിലൊതുങ്ങുകയും ഹെഡ്മാസ്റ്റർമാർ വൈസ്

പ്രിൻസിപ്പൽമാരായി മാറുകയും ചെയ്യും. പ്രിൻസിപ്പലിന് സ്കൂളിന്റെ അഡ്മിനിസ്ട്രേറ്റീവ് ഹെഡ്ഡെന്നുള്ള പൊസിഷനും അക്കാദമിക് തലത്തിൽ ഹെഡ്മാസ്റ്റർമാർ ചെയ്തിരുന്ന ചുമതല വൈസ് പ്രിൻസിപ്പലിനും നൽകുന്നതായിരിക്കും. ഇതുമൂലം ആരുടെയും പ്രൊമോഷൻ സാധ്യതകളോ ആനുകൂല്യങ്ങളോ നഷ്ടപ്പെടുന്നതല്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) റോഡ് അപകട നിരക്ക് കുറയ്ക്കൽ

ശ്രീമതി ഇ. എസ്. ബിജിമോൾ: വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ റോഡ് സുരക്ഷ സംബന്ധിച്ചുള്ള ബോധവത്കരണ പരിപാടികൾ കാര്യക്ഷമമാക്കുന്നതിനും റോഡ് സുരക്ഷാ അതോറിറ്റി ശക്തിപ്പെടുത്തുന്നതിനുമായി കൂടുതൽ ഫണ്ട് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണം. റോഡ് സുരക്ഷാ

നിയമങ്ങൾ സംസ്കാരത്തിന്റെ ഭാഗമാക്കാനും റോഡ് നിയമങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനും കഴിയണം. ലൈസൻസില്ലാതെ വാഹനമോടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും സേഫ് സോണിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും നിരന്തരമായി അപകടങ്ങളുണ്ടാകുന്ന സ്ഥലങ്ങളെ ബ്ലാക്ക് സ്പോട്ടുകളായി പ്രഖ്യാപിച്ച് പ്രത്യേക ബോർഡുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തനരഹിതമായ ക്യാമറകൾ പ്രവർത്തിപ്പിക്കുന്നതിനും ഡിജിറ്റൽ ലൈസൻസ്, ഡിജിറ്റൽ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനും സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം അവസാനിപ്പിക്കുന്നതിനും റോഡ് പ്രോട്ടോക്കോൾ പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): നിരവധി കാരണങ്ങളാലാണ് സംസ്ഥാനത്ത് റോഡപകടങ്ങളും അപകട മരണങ്ങളും വർദ്ധിക്കുന്നത്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി വാഹനം ഓടിക്കുന്നവർ റോഡ് നിയമങ്ങൾ കർശനമായി പാലിക്കണം. ശബരിമല സേഫ് സോൺ പദ്ധതി മാതൃകയിൽ സേഫ് കേരള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. റോഡ് നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമ്പോൾ അവരുടെ ശിക്ഷ ലഘൂകരിക്കണമെന്ന് ആവശ്യപ്പെടുന്ന പ്രവണതയ്ക്ക് മാറ്റം വരണം. ഹെൽമെറ്റ് ധരിക്കാതെയും വാഹനനിയമങ്ങൾ പാലിക്കാതെയും നടത്തുന്ന യാത്രയ്ക്കെതിരെ

ജനപ്രതിനിധികളുൾപ്പെടെയുള്ളവർ മുൻകയ്യെടുത്ത് ബോധവൽക്കരണം നടത്തണം. ഇരുചക്രവാഹനങ്ങളും സ്വകാര്യവാഹനങ്ങളും ഒഴിവാക്കി പൊതുഗതാഗത മേഖലയെ ശക്തിപ്പെടുത്തണം. നിരന്തരമായി അപടമുണ്ടാകുന്ന സ്ഥലങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതിനായി കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ തീരുമാനിക്കുകയും പല പ്രദേശങ്ങളും സേഫ് കോറിഡോറാക്കി മാറ്റുന്നതിന് സെലക്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. വാഹനം ഓടിക്കുമ്പോൾ ഫോൺ ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ ഉന്നതതല യോഗത്തിൽ ഈ മേഖലയിൽ പോലീസിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും ഇടപെടൽ ശക്തമാക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡുകളിലെ അപകടനിരക്ക് കുറയ്ക്കുന്നതിന് മനുഷ്യസാധ്യമായ എല്ലാ നടപടികളും മോട്ടോർ വാഹന വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഉറപ്പ് നൽകുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇതൊരു ഗൗരവമായ പ്രശ്നമായതിനാൽ പോലീസ് ആക്ടിൽ മാറ്റങ്ങൾ വരുത്തുന്നതിനാവശ്യമായ നിയമഭേദഗതി കൊണ്ടുവരുന്നതാണ്.

## (2) സി-ഡിറ്റിലെ പുറംകരാർ

ശ്രീ. കെ. സി. ജോസഫ്: സി-ഡിറ്റിന്റെ ചുമതലയിൽ നടത്തിവരുന്ന ചില

പദ്ധതികൾ പുറംകരാർ വഴി സ്വകാര്യ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള നടപടി അവസാനിപ്പിക്കണം. സാങ്കേതികവിദ്യയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി വിദഗ്ദ്ധരെ നിയോഗിച്ചാൽ ഇൻഡ്യയിലെ ഏറ്റവും മികച്ച സ്ഥാപനമായി സി-ഡിറ്റിനെ മാറ്റാൻ കഴിയും. ഗവൺമെന്റ് സ്ഥാപനങ്ങളെ സ്വകാര്യ മേഖലയ്ക്ക് കൈമാറ്റം ചെയ്യുന്ന നടപടി ശരിയല്ല. ഈ സ്ഥാപനത്തെ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സി-ഡിറ്റിനെ കാര്യക്ഷമമാക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിച്ചതിന്റെ ഫലമായി ശരാശരി വാർഷിക വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നടപ്പിലാക്കിവരുന്ന പദ്ധതികളിൽനിന്ന് സി-ഡിറ്റിനെ ഒഴിവാക്കിയിട്ടില്ല. സി-ഡിറ്റിന്റെ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി 11 കോടി രൂപ അനുവദിക്കുകയും ശമ്പളപരിഷ്കരണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകൾക്കുവേണ്ടി വീഡിയോ ഡോക്യുമെന്റേഷൻ, ഡിജിറ്റൈസേഷൻ, ഹോളോഗ്രാം ലേബൽ നിർമ്മാണം, മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വെബ്സൈറ്റ്, വിവിധ സർക്കാർ പരിപാടികളുടെ തത്സമയ വെബ്സ്ട്രീമിംഗ്, വിവിധ സ്ഥാപനങ്ങൾക്കുള്ള അതീവ

സുരക്ഷാ സർട്ടിഫിക്കറ്റ്, ഐ.ഡി. കാർഡ് തയ്യാറാക്കൽ തുടങ്ങി നിരവധി പദ്ധതികളാണ് സി-ഡിറ്റ് നിർവ്വഹിക്കുന്നത്. പി.എസ്.സി.-യുടെ ഓൺലൈൻ പരീക്ഷകൾക്കും എഴുത്തുപരീക്ഷയുടെ മൂല്യനിർണ്ണയത്തിനുമുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കിയതും പ്രളയാനന്തരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവനകൾ ഓൺലൈനായി ശേഖരിക്കുന്നതിനും ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായ അപേക്ഷകൾക്കുമുള്ള പോർട്ടൽ വികസിപ്പിച്ചതും സി-ഡിറ്റാണ്. സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.റ്റി. നയരേഖയ്ക്കനുസൃതമായി പ്രമുഖ കമ്പനികളുമായി ചേർന്ന് സാങ്കേതികവിദ്യാ സഹകരണത്തിനും പരിശീലനത്തിനും ഉള്ളടക്ക വികസനത്തിനുമുള്ള പദ്ധതികൾ സി-ഡിറ്റ് ആവിഷ്കരിച്ചിട്ടുണ്ട്. സി-ഡിറ്റിനെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## V സബ്മിഷൻ

### (1) കാരുണ്യ ചികിത്സാ പദ്ധതി

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ കാരുണ്യ ബെനവലന്റ് പദ്ധതി നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ഈ സർക്കാർ 1,318 കോടി രൂപയുടെ ചികിത്സാ അനുമതി നൽകുകയും 928 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ ആയുഷ്മാൻ ഭാരത് പദ്ധതി ആരംഭിച്ചപ്പോൾ കാരുണ്യ പദ്ധതി ഇൻഷ്വറൻസ്-കം-അഷ്വറൻസ് മാതൃകയിൽ നടപ്പാക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചത്. ടി സ്കീമിന്റെ പരിധിയിൽ ഹീമോഫീലിയ പോലുള്ള രോഗങ്ങൾകൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ലഭിക്കുന്നതിനേക്കാൾക്കൂടുതൽ ആനുകൂല്യങ്ങളാണ് ഇൻഷ്വറൻസ് സ്കീമിൽ നൽകുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആർ.സി.സി., എം.സി.സി. എന്നിവിടങ്ങളിലെ ചികിത്സയ്ക്കുള്ള പാക്കേജ് റേറ്റും ഇൻഷ്വറൻസ് റേറ്റും തമ്മിലുള്ള അന്തരംമൂലം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിശോധനയിലാണ്. ആരോഗ്യ കിരണം പദ്ധതി വഴി നൽകുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നില്ലെന്നു മാത്രമല്ല ടി പദ്ധതിയുടെ പരിധിയിൽ വരാത്ത അപൂർവ്വ രോഗങ്ങൾകൂടി ഉൾപ്പെടുത്തി ചികിത്സാ സഹായം

നൽകുന്ന കാര്യം പരിഗണനയിലാണ്.

(2) വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: പത്തനാപുരം നിയോജകമണ്ഡലത്തിലെ ജീർണ്ണാവസ്ഥയിലുള്ള വില്ലേജ് ഓഫീസുകൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പത്തനാപുരം താലൂക്കിലെ തലവൂർ വില്ലേജ് ഓഫീസ് കെട്ടിടം സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിലുൾപ്പെടുത്തുന്നതിന് ഭരണാനുമതി ലഭിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി നിർമ്മിതി കേന്ദ്രത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. അപകടാവസ്ഥയിലുള്ള തലവൂർ വില്ലേജ് ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് ടെൻഡർ ഏറ്റെടുക്കാൻ ആളില്ലാത്ത സാഹചര്യത്തിൽ ഓഫീസിന്റെ പ്രവർത്തനം താൽക്കാലികമായി മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിപ്രകാരം സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾക്ക് മുൻഗണന നൽകി നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പരിതാപകരമായ അവസ്ഥയിലുള്ള വില്ലേജ് ഓഫീസുകളെ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പുനർനിർമ്മിക്കുന്നതിനും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(3) റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. അബ്ദുൽ ഹമീദ് പി.: വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഇരുമ്പോത്തിങ്ങൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ഇരുമ്പോത്തിങ്ങൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം പ്രായോഗികമല്ലെന്ന് ഐ.ഡി.ആർ.ബി. കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് കിഫ്ബി ധനസഹായത്തോടെ റെഗുലേറ്റർ നിർമ്മിക്കുന്നതിന്റെ പ്രായോഗികതയെക്കുറിച്ചും കുടിവെള്ളത്തിനായി പ്രസ്തുത പ്രോജക്ട് ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ചും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിവിധ പഞ്ചായത്തുകളിലെ ശുദ്ധജല വിതരണ പദ്ധതികൾക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി നൽകണമെന്നും ഇരുമ്പോത്തിങ്ങൽ റെഗുലേറ്ററിന്റെ സാങ്കേതിക സാധ്യത പരിശോധിച്ച് പുതിയ കുടിവെള്ള പദ്ധതി ആവിഷ്കരിക്കണമെന്നും കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനുയോജ്യമായ സ്ഥലത്ത് റെഗുലേറ്റർ നിർമ്മിക്കുന്നതിനും സംയുക്ത സ്ഥല പരിശോധന നടത്തി തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

(4) സേവന വേതന വ്യവസ്ഥകൾ

ശ്രീ. എ. എൻ. ഷംസീർ: മലബാർ ക്യാൻസർ സെന്ററിലെ നോൺ അക്കാദമിക് ജീവനക്കാർക്ക് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ ജീവനക്കാരുടേതിന് തുല്യമായ സേവന വേതന വ്യവസ്ഥകൾ നൽകുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആർ.സി.സി.-യിലെ അക്കാദമിക് ജീവനക്കാരുടെ സേവന വേതന നിരക്കുകൾ തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന് തുല്യമായി അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ മലബാർ ക്യാൻസർ സെന്ററിലെ അക്കാദമിക്-നോൺ അക്കാദമിക് ജീവനക്കാർക്കും പ്രസ്തുത നിരക്കുകൾ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ആർ.സി.സി.-ക്ക് തുല്യമായ ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി സമർപ്പിക്കപ്പെട്ട പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. 2018 ആഗസ്റ്റിൽ എം.സി.സി.-യിലെ നോൺ അക്കാദമിക് ജീവനക്കാർക്ക് ആർ.സി.സി. ജീവനക്കാരുടേതിനു തുല്യമായ ശമ്പളവും

ആനുകൂല്യവും നൽകുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ അനോമലികൾ പരിഹരിക്കുന്നതിന് വീണ്ടും പ്രൊപ്പോസൽ ലഭിക്കുകയും ആയത് ധനകാര്യ വകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയുമാണ്.

(5) മെഡിക്കൽ കോളേജിൽ ക്ലാസ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി മെഡിക്കൽ കോളേജിൽ ഈ അധ്യയന വർഷംതന്നെ ക്ലാസ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം 2015-16-ൽ അംഗീകാരം ക്യാൻസൽ ചെയ്ത ഇടുക്കി മെഡിക്കൽ കോളേജിന് കഴിഞ്ഞ സർക്കാർ 67 കോടി രൂപ അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരികയായിരുന്നു. ഈ ഗവൺമെന്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി 126 കോടി രൂപ പുതിയതായി അനുവദിച്ചിട്ടുണ്ട്. അംഗീകാരം നേടുന്നതിനുവേണ്ടി അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി വിഭാഗങ്ങൾക്കുള്ള സൗകര്യങ്ങളും പാത്തോളജി, മൈക്രോ ബയോളജി, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം എന്നിവയുടെ പണിയും പൂർത്തീകരിച്ചിട്ടുണ്ട്. 2019-20-ൽ ക്ലാസ്സ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ചാൽ ഈ വർഷംതന്നെ ക്ലാസ് ആരംഭിക്കുന്നതാണ്.

(6) കെട്ടിട നിർമ്മാണം

ശ്രീ. ജോർജ് എം. തോമസ്: തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): തിരുവമ്പാടി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനായി പ്രൊപ്പോസൽ നൽകിയത് പഞ്ചായത്ത് കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി കണ്ടെത്തിയ സ്ഥലത്താണ്. പ്രസ്തുത സ്ഥലം കെ.എസ്.ആർ.ടി.സി.-യിൽ നിക്ഷിപ്തമാകാത്തതാണ് സാങ്കേതിക തടസ്സത്തിനുള്ള കാരണം. കെട്ടിട നിർമ്മാണത്തിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കരാർ നൽകിയിട്ടുണ്ട്. സാങ്കേതിക തടസ്സം ഒഴിവാകുന്ന മുറയ്ക്ക് പ്രവൃത്തി ത്വരിതപ്പെടുത്തുന്നതാണ്.

(7) പ്ലസ് വൺ സീറ്റുകൾ അനുവദിക്കൽ

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പരീക്ഷ വിജയിക്കുന്നവരുടെയും പ്ലസ് വൺ സീറ്റുകളുടെയും അന്തരം ഓരോ വർഷവും വർദ്ധിച്ചുവരികയും തുടർപഠനത്തിന് മറ്റ് സമാന്തര പഠന സൗകര്യങ്ങൾ തേടേണ്ടി വരുന്നതുമായ സാഹചര്യത്തിൽ കൂടുതൽ ഹയർ സെക്കൻഡറി സ്കൂളുകളും പ്ലസ് വൺ

ബാച്ചുകളും അനുവദിക്കണം. ജലദൗർലഭ്യം പരിഗണിച്ച് ജൂൺ 3-ാം തീയതി സ്കൂൾ തുറക്കുന്നത് മറ്റൊരു ദിവസത്തേയ്ക്ക് മാറ്റണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലും ഈ വർഷം 20 ശതമാനം പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. പ്ലസ് വൺ പ്രവേശനത്തിനായി മലപ്പുറം ജില്ലയിൽ മാർജിനൽ സീറ്റുകളുൾപ്പെടെ ഹയർ സെക്കൻഡറിയിൽ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ 2790 സീറ്റുകൾ കൂടാതെ ഐ.ടി.ഐ., പോളിടെക്നിക് സീറ്റുകളും ലഭ്യമാണ്. കഴിഞ്ഞ വർഷം മതിയായ കുട്ടികളില്ലാത്ത ജില്ലകളിൽനിന്നും ഒഴിഞ്ഞുകിടന്ന ഹയർ സെക്കൻഡറി ബാച്ചുകൾ മലപ്പുറം ജില്ലയിലേയ്ക്ക് മാറ്റിയതുപോലെ ഈ വർഷവും അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സീറ്റുകൾ കിട്ടാതെ വരുന്ന സാഹചര്യത്തിൽ സർക്കാർ മേഖലയിൽ അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(8) കെട്ടിട നിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിനായി ആരംഭിച്ച കെട്ടിട നിർമ്മാണം ദ്രുതഗതിയിൽ

പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലുൾപ്പെടുത്തി മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ശ്രീശൈലം കോൺട്രാക്ടിംഗ് ആന്റ് റിയർ എസ്റ്റേറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി കൈക്കൊള്ളണമെന്ന് തൃശ്ശൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാ കർമ്മ സമിതിയിലും മറ്റ് ജില്ലാതല റവന്യൂ മീറ്റിംഗുകളിലും നിർദ്ദേശിച്ചിട്ടുണ്ട്. പ്രവൃത്തി ദ്രുതഗതിയിലാക്കിയില്ലെങ്കിൽ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുമെന്ന് കാണിച്ച് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. കെട്ടിടനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) ആത്മഹത്യാശ്രമം

ശ്രീ. ഒ. രാജഗോപാൽ: തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ബി.എസ്‌സി. വിദ്യാർത്ഥിനിയുടെ ആത്മഹത്യാശ്രമത്തിനുപിന്നിലെ കാരണങ്ങളെക്കുറിച്ച് അന്വേഷിക്കാനും വിദ്യാർത്ഥികളും അദ്ധ്യാപകരും അനുഭവിക്കുന്ന മാനസിക പീഡനങ്ങൾക്കും ഭീഷണിക്കും അറുതി വരുത്തി ക്യാമ്പസിൽ സമാധാനാന്തരീക്ഷം നിലനിർത്താനും അദ്ധ്യാപക രക്ഷകർതൃ സമിതി

രൂപീകരിക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നടന്ന ബി.എസ്‌സി. വിദ്യാർത്ഥിനിയുടെ ആത്മഹത്യാശ്രമവുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രാഥമികാന്വേഷണം നടത്തിയതിൽ കോളേജ് യൂണിയന്റെ ഭാഗം കേൾക്കാൻ കഴിഞ്ഞിട്ടില്ലെന്നും വിദ്യാർത്ഥിനിയോടും കോളേജ് പ്രിൻസിപ്പലിനോടും രണ്ട് അദ്ധ്യാപകരോടും വിവരങ്ങൾ അന്വേഷിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്നും വിശദമായ അന്വേഷണം നടത്താൻ കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ സൂപ്രണ്ട് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രഹസ്യമൊഴി രേഖപ്പെടുത്താൻ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥികൾ തുടർപഠനം അവസാനിപ്പിച്ച് പോകുന്നതായുള്ള ആരോപണം വസ്തുതാവിരുദ്ധമാണ്. അന്വേഷണ സമിതിയുടെ വിശദമായ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(10) സെക്ഷൻ ഓഫീസ്

ശ്രീ. എം. സ്വരാജ്: ഇടക്കൊച്ചി, പള്ളുരുത്തി ഭാഗങ്ങളിലെ വോൾട്ടേജ്

ക്ഷാമവും വൈദ്യുതി പ്രതിസന്ധിയും പരിഹരിക്കുന്നതിനാവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും പള്ളുരുത്തി സെക്ഷൻ ഓഫീസ് വിഭജിച്ച് ഇടക്കൊച്ചിയിൽ പുതിയൊരു കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പള്ളുരുത്തി, തോപ്പുംപടി സെക്ഷൻ ഓഫീസുകളുടെ പരിധിയിലുൾപ്പെട്ട പ്രദേശങ്ങളുൾപ്പെടുത്തി ഇടക്കൊച്ചിയിൽ പുതിയൊരു സെക്ഷൻ ഓഫീസ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും യോഗം ചേർന്ന് കച്ചേരിപ്പടി മാർക്കറ്റിനുസമീപം കൊച്ചിൻ കോർപ്പറേഷന്റെ കൈവശമുള്ള കെട്ടിടം ഓഫീസിന് സൗജന്യമായി വിട്ടുനൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം ലഭ്യമാകുന്നമുറയ്ക്ക് ഓഫീസിന്റെ പ്രവർത്തനമാരംഭിക്കുന്നതാണ്. ഈ പ്രദേശത്തെ വൈദ്യുതി വിതരണരംഗം നവീകരിക്കുന്നതിനും വോൾട്ടേജ് ക്ഷാമവും വൈദ്യുതി തടസ്സവും പരിഹരിക്കുന്നതിനും ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1 പ്രകാരവും ലിസ്റ്റ് 2 പ്രകാരവുമുള്ള (ചട്ടം

47 (2) അനുസരിച്ചുള്ളത്) കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VII റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VIII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## IX ധനകാര്യം

<u>2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ
(493,89,41,000 രൂപ)

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം
(525,12,64,000 രൂപ)

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): പ്രമേയത്തെ

പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

സർവ്വശ്രീ എൻ. ഷംസുദ്ദീൻ, കെ. സി. ജോസഫ്, കെ.എൻ.എ. ഖാദർ, വി. എസ്. ശിവകുമാർ, എൽദോസ് പി. കുന്നപ്പിള്ളിൽ, സണ്ണി ജോസഫ്, വി. ഡി. സതീശൻ, മഞ്ഞളാംകുഴി അലി, എം. വിൻസെന്റ്, എം. ഉമ്മർ, പി. കെ. ബഷീർ, അബ്ദുൽ ഹമീദ്. പി., തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. ജെയിംസ് മാത്യു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്നതിന്റെ ഭാഗമായുണ്ടായ ജനവിധിയെ മാനിക്കുന്നു. കേരളത്തിന്റെ പുനർനിർമ്മിതിക്കായി സർക്കാർ നടത്തുന്ന ശ്രമങ്ങളെ

അംഗീകരിക്കാത്ത പ്രതിപക്ഷ നിലപാട് തിരുത്താൻ തയ്യാറാകണം.

ശ്രീ. കെ. മുരളീധരൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ദേശീയതലത്തിൽ ഐക്യജനാധിപത്യ മുന്നണിക്കെതിരായ ജനവിധി സംബന്ധിച്ച് പരിശോധിച്ച് തെറ്റ് തിരുത്തി മുന്നോട്ട് പോകുന്നതാണ്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് സ്വാധീനമുള്ള സംസ്ഥാനങ്ങളിൽപ്പോലും ജയിക്കാൻ സാധിക്കാത്തത് വ്യക്തമായ ദേശീയ നയമില്ലാത്തതിനാലാണ്. സംസ്ഥാനത്ത് വർഗ്ഗീയതയ്ക്കെതിരായ പോരാട്ടത്തിൽ ഇരുമുന്നണികളും യോജിച്ച് പ്രവർത്തിക്കണം.

ശ്രീ. മാത്യു ടി. തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഉപേക്ഷിച്ച പല പദ്ധതികൾക്കും പുതുജീവൻ നൽകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വരൾച്ച, ഓഖി ദുരന്തം, നിപ വൈറസ്, പ്രളയം എന്നിവയെ ജനപിന്തുണയോടെ അതിജീവിക്കാൻ ഈ സർക്കാരിന് സാധിച്ചു. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ച് യഥാസമയം നൽകാൻ കഴിഞ്ഞതും സ്കൂളുകളെ മികവുറ്റതാക്കിയതും പാഠപുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്തതും ഈ സർക്കാരിന്റെ നേട്ടങ്ങളാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളം

ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലുണ്ടായ പരാജയം മതേതര ശക്തികളുടെ പരാജയത്തിന്റെ ഭാഗമാണ്.

ശ്രീമതി പി. അയിഷാ പോറ്റി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ പുരോഗതിക്ക് സഹായകരമായ രീതിയിൽ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. സർക്കാർ ആശുപത്രികളിൽ സാധാരണക്കാർക്ക് മികച്ച ചികിത്സാ സൗകര്യമേർപ്പെടുത്തുന്നതിന് ആർദ്രം മിഷനിലൂടെ സാധിച്ചിട്ടുണ്ട്. നിപ വൈറസ് ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ തടയാൻ ശ്രദ്ധേയമായ നടപടികൾ സ്വീകരിച്ചു. പട്ടികജാതി, പിന്നോക്കവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. കാർഷികമേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കുന്നതിനും ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മികച്ച റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് ലഭിച്ച വോട്ടിലുണ്ടായ ഗണ്യമായ ഇടിവിനെക്കുറിച്ചും ബി.ജെ.പി.ക്ക് ലഭിച്ച വോട്ടിലുണ്ടായ വർദ്ധനവിനെക്കുറിച്ചും പഠിക്കാൻ തയ്യാറാകണം. രാജ്യത്ത് വർഗ്ഗീയശക്തികളെ നേരിടാൻ കോൺഗ്രസ്സിന്

മാത്രമേ സാധിക്കുകയുള്ളൂ.

<u>ശ്രീ. ആർ. രാമചന്ദ്രൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കി ഇടതുപക്ഷ സർക്കാർ രാജ്യത്തിന് മാതൃകയാവുകയാണ്. ശബരിമല വിഷയത്തിൽ സുപ്രീംകോടതി വിധി നടപ്പാക്കുകയെന്ന ഉത്തരവാദിത്തം നിർവ്വഹിക്കുക മാത്രമാണ് സർക്കാർ ചെയ്തിട്ടുള്ളത്. മതേതര പ്രസ്ഥാനങ്ങളെ ദുർബ്ബലപ്പെടുത്തുന്ന കോൺഗ്രസ് സമീപനം തിരുത്തപ്പെടണം.

<u>ശ്രീ. ഒ. രാജഗോപാൽ:</u> ശബരിമല വിഷയത്തിൽ ജനവികാരം മാനിക്കാത്തതുകൊണ്ടാണ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് തിരിച്ചടിയുണ്ടായത്.

<u>ശ്രീ. എ. എം. ആരിഫ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നിലവിലെ രാഷ്ട്രീയ സാഹചര്യം ഗൗരവപൂർവ്വം വിലയിരുത്തപ്പെടണം. മതേതരത്വം സംരക്ഷിക്കപ്പെടണമെങ്കിൽ രാജ്യം മതേതരശക്തികൾ ഭരിക്കണം. തെരഞ്ഞെടുപ്പിലേറ്റ തിരിച്ചടി പരിശോധിക്കപ്പെടണം.

<u>ശ്രീ. പി. ജെ. ജോസഫ്:</u> സന്നദ്ധസംഘടനകളുടെ സഹായത്തോടുകൂടി പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കണം. കേരളത്തിന്റെ പുനർനിർമ്മാണത്തിന്

കേന്ദ്രഗവൺമെന്റിൽനിന്നും അധിക ധനസഹായം നേടിയെടുക്കാനുള്ള ശ്രമങ്ങൾ നടത്തണം. തോട്ടപ്പള്ളി സ്പിൽവേയുടെ വീതി വർദ്ധിപ്പിക്കുന്നതിനും വാട്ടർഷെഡ് മാനേജ്മെന്റ് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനോപകാരപ്രദമായ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ക്രമസമാധാനപാലനത്തിനും മറ്റ് ക്ഷേമപ്രവർത്തനങ്ങൾക്കും വിവിധ ഏജൻസികളുടെ അവാർഡുകൾ നേടാൻ കഴിഞ്ഞതും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചതും ഭവനരഹിതർക്ക് വീടുകൾ നിർമ്മിച്ചു നൽകിയതും ആരോഗ്യ സുരക്ഷ ഉറപ്പാക്കാൻ കഴിഞ്ഞതും അഴിമതി കുറഞ്ഞ സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ സാധിച്ചതും ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രകൃതി ദുരന്തങ്ങളെയും പകർച്ചവ്യാധികളെയും ഫലപ്രദമായി നേരിടാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ക്രമസമാധാനനില, അഴിമതിമുക്ത സംസ്ഥാനം, സ്ത്രീ സുരക്ഷ, ഇ-ഗവേണൻസ് തുടങ്ങിയ മേഖലകളിൽ ഇന്ത്യയിൽ ഏറ്റവും

മികച്ച സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെടുകയും ഒട്ടേറെ പുരസ്കാരങ്ങൾ ലഭിക്കുകയും ചെയ്തത് അഭിമാനകരമാണ്. കിഫ്ബി വഴി പല വികസനപ്രവർത്തനങ്ങളും നടപ്പിലാക്കാനും കണ്ണൂർ വിമാനത്താവളം, കോവളം-ബേക്കൽ ജലപാത, വിഴിഞ്ഞം തുറമുഖം, കൂടംകുളം ആണവനിലയം, കൊല്ലം-ആലപ്പുഴ ബൈപ്പാസ് തുടങ്ങിയ പദ്ധതികൾ ആരംഭിക്കാനും അടിസ്ഥാന സൗകര്യവികസനത്തിൽ പുതിയ ചരിത്രം സൃഷ്ടിക്കാനും കഴിഞ്ഞത് സർക്കാരിന്റെ നേട്ടങ്ങളാണ്.

ശ്രീ. എം. ഉമ്മർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുഭരണം സംബന്ധിച്ച് സഭയിൽ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാകുന്നില്ല. ഇ-ഓഫീസ് സംവിധാനം ഒഴിവാക്കി സ്വകാര്യ ഏജൻസിയുടെ സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള സർക്കാർ ശ്രമം ഉപേക്ഷിക്കണം. 2018-19 സാമ്പത്തിക വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക നഷ്ടമുണ്ടായതും കഴിഞ്ഞ വർഷം നൽകേണ്ട തുക ഈ വർഷത്തെ ഫണ്ടിൽനിന്നും നൽകണമെന്ന് പറയുന്നതും സർക്കാരിന്റെ പരാജയത്തെയാണ് സൂചിപ്പിക്കുന്നത്.

ശ്രീ. എസ്. ശർമ്മ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ

മതേതര ജനാധിപത്യ ശക്തികൾക്ക് കേന്ദ്ര ഗവൺമെന്റിനോടുള്ള എതിർപ്പുമൂലമാണ് ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്-ന് വിജയിക്കാനായത്. തെരഞ്ഞെടുപ്പിൽ മതേതര ജനാധിപത്യ ശക്തികളെ ജയിപ്പിക്കാൻ പ്രാപ്തമാക്കുന്നതിനുപകരം വ്യക്തിപരമായ ആരോപണങ്ങളും ആക്ഷേപങ്ങളുമുന്നയിച്ച് മതേതര താല്പര്യങ്ങളെ ദുർബലപ്പെടുത്തുന്ന വിധത്തിലുള്ള വിമർശനങ്ങൾ നടത്തുന്നത് ശരിയല്ല. ശബരിമല വിഷയത്തിൽ സുപ്രീംകോടതി വിധി നടപ്പാക്കുക എന്നുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. ക്ഷേത്ര പ്രവേശനത്തിനും വിശ്വാസ സംരക്ഷണത്തിനും വേണ്ടിയുള്ള നവോത്ഥാന സമരങ്ങളിൽ കൂടുതൽ പങ്ക് വഹിച്ചിട്ടുള്ളത് ഇടതുപക്ഷ പ്രസ്ഥാനങ്ങളാണെന്നുള്ള സത്യം വിസ്മരിക്കരുത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അഞ്ച് വർഷംകൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതികൾ മൂന്ന് വർഷംകൊണ്ട് പൂർത്തിയാക്കിയെന്നും പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ പാലിക്കപ്പെട്ടുവെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടെങ്കിലും ഭരണത്തിനെതിരായി ജനം വിധിയെഴുതിയെന്നതാണ് യാഥാർത്ഥ്യം. യു.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ച പദ്ധതികളല്ലാതെ പുതിയ പദ്ധതികളൊന്നും ആരംഭിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. കർഷകർക്കായി പ്രഖ്യാപിച്ച മൊറട്ടോറിയം സംബന്ധിച്ച്

ഉത്തരവിറക്കാനോ പ്രളയംമൂലം നഷ്ടം സംഭവിച്ചവരെ സഹായിക്കാനോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച തുക ഫലപ്രദമായി വിനിയോഗിക്കാനോ സാധിച്ചിട്ടില്ല. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ച കമ്മീഷന്റെ സിറ്റിംഗ് നടത്താനോ 11-ാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കാനോ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കേരളത്തിൽ യു.ഡി.എഫ്.-ന് അനുകൂലമായ ജനവിധിയെ സ്വീകരിക്കുകയും ദേശീയ തലത്തിലുണ്ടായ പരാജയം അംഗീകരിക്കുകയും ചെയ്യുന്നു. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നാൽ ശബരിമല വിശ്വാസ സംരക്ഷണത്തിനുള്ള നിയമനിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സംസ്ഥാനത്ത് പ്രളയത്തിൽ പൂർണ്ണമായി തകർന്ന 15,275 വീടുകളിൽ ഗുണഭോക്താക്കൾത്തന്നെ പുനർനിർമ്മിക്കുന്ന 9,329 വീടുകൾക്കുള്ള ധനസഹായം ഗഡുക്കളായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 'കെയർ ഹോം' പദ്ധതി പ്രകാരം പുനർനിർമ്മിക്കുന്നതിനായി സഹകരണ മേഖല ഏറ്റെടുത്ത വീടുകളിൽ 937 എണ്ണം പൂർത്തീകരിക്കുകയും ബാക്കിയുള്ളവയുടെ പണി പുരോഗമിക്കുകയുമാണ്.

പ്രാദേശിക സ്പോൺസർഷിപ്പ് വഴി 1,225 വീടുകളുടെ നിർമ്മാണം നടപ്പാക്കാനുദ്ദേശിക്കുകയും കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പ്രകാരം 245 വീടുകളുടെ നിർമ്മാണം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ജല കമ്മീഷനും മദ്രാസ് ഐ.ഐ.റ്റി-യും നടത്തിയ പഠനത്തിൽ പ്രളയത്തിന്റെ കാരണം അമിതമായ മഴയാണെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും ഹൈക്കോടതിയിൽ അമിക്കസ്ക്യൂറി സമർപ്പിച്ച റിപ്പോർട്ട് വസ്തുതാവിരുദ്ധവും വിദഗ്ധ പഠനങ്ങളെ ആശ്രയിച്ചിട്ടുള്ളതുമല്ലാത്തതിനാൽ വസ്തുതകളടങ്ങിയ റിപ്പോർട്ട് സർക്കാർ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രളയത്തിൽ സർക്കാർ നടത്തിയ ഇടപെടലിനെ പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതുസംബന്ധിച്ച് വിശദമായ പരിശോധനകൾ സെക്രട്ടറി തലത്തിൽ നടക്കുന്നുണ്ട്. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നേരിട്ട പരാജയത്തെ ഗൗരവമായാണ് കാണുന്നത്. ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി വിധി മാനിക്കുകയും സ്ത്രീകളുടെ അവകാശസംരക്ഷണം ഉറപ്പുവരുത്തുകയുമാണ് ചെയ്തത്. സ്ത്രീകളുടെ അവകാശത്തെ ഹനിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും. നവോത്ഥാനമൂല്യങ്ങളെ അട്ടിമറിക്കുന്നതിനും മതനിരപേക്ഷതയ്ക്ക്

പോറലേൽപ്പിക്കുന്നതിനും ശ്രമിക്കുന്ന വർഗ്ഗീയ ശക്തികളെ ശക്തമായി പ്രതിരോധിക്കുന്നതോടൊപ്പം നവോത്ഥാന മൂല്യങ്ങളുടെ സംരക്ഷണം വ്യാപകമായി പ്രചരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ശബരിമലയുടെ വികസന പ്രവർത്തനങ്ങൾക്കായി 2019-20 ബഡ്ജറ്റിൽ 767 കോടി രൂപ വകയിരുത്തിയതിനുപുറമേ ഇടത്താവളങ്ങളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കിഫ്ബിയിൽനിന്നും 150 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ശബരിമലയുടെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഗവേണിംഗ് ബോഡിയും ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നിർവ്വഹണ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ശബരിമലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പ്രത്യേക എസ്.പി.വി. രൂപീകരിക്കുകയും അടുത്ത മണ്ഡലകാലം കൂടുതൽ സൗകര്യങ്ങൾ ലഭ്യമാകുന്ന തരത്തിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.)

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും 22-നെതിരെ 78 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.50-ന് പിരിഞ്ഞു.

* * * * *